എ.വൈ.ആർ


സൂറ-16

# അന്നഹ്ൽ

۞ضَرَبَ ٱللَّهُ مَثَلًا عَبْدًا مَّمْلُوكًا لَّا يَقْدِرُ عَلَىٰ شَىْءٍ وَمَن رَّزَقْنَٰهُ مِنَّا
رِزْقًا حَسَنًا فَهُوَ يُنفِقُ مِنْهُ سِرًّا وَجَهْرًا ۖ هَلْ يَسْتَوُۥنَ ۚ ٱلْحَمْدُ لِلَّهِ ۚ بَلْ
أَكْثَرُهُمْ لَا يَعْلَمُونَ ﴿٧٥﴾

وَضَرَبَ ٱللَّهُ مَثَلًا رَّجُلَيْنِ أَحَدُهُمَآ أَبْكَمُ لَا يَقْدِرُ عَلَىٰ شَىْءٍ
وَهُوَ كَلٌّ عَلَىٰ مَوْلَىٰهُ أَيْنَمَا يُوَجِّههُّ لَا يَأْتِ بِخَيْرٍ ۖ هَلْ يَسْتَوِى هُوَ وَمَن
يَأْمُرُ بِٱلْعَدْلِ ۙ وَهُوَ عَلَىٰ صِرَٰطٍ مُّسْتَقِيمٍ ﴿٧٦﴾

وَلِلَّهِ غَيْبُ ٱلسَّمَٰوَٰتِ وَٱلْأَرْضِ ۚ وَمَآ أَمْرُ ٱلسَّاعَةِ إِلَّا كَلَمْحِ ٱلْبَصَرِ أَوْ
هُوَ أَقْرَبُ ۚ إِنَّ ٱللَّهَ عَلَىٰ كُلِّ شَىْءٍ قَدِيرٌ ﴿٧٧﴾

وَٱللَّهُ أَخْرَجَكُم مِّنۢ بُطُونِ أُمَّهَٰتِكُمْ لَا تَعْلَمُونَ شَيْـًٔا وَجَعَلَ لَكُمُ ٱلسَّمْعَ
وَٱلْأَبْصَٰرَ وَٱلْأَفْـِٔدَةَ ۙ لَعَلَّكُمْ تَشْكُرُونَ ﴿٧٨﴾

أَلَمْ يَرَوْا۟ إِلَى ٱلطَّيْرِ مُسَخَّرَٰتٍ فِى جَوِّ ٱلسَّمَآءِ مَا يُمْسِكُهُنَّ إِلَّا ٱللَّهُ ۗ إِنَّ فِى
ذَٰلِكَ لَءَايَٰتٍ لِّقَوْمٍ يُؤْمِنُونَ ﴿٧٩﴾

**75.** അല്ലാഹു ഒരുദാഹരണമവതരിപ്പിക്കുന്നു; മറ്റൊരാൾക്കു ഉടമപ്പെട്ട, സ്വയം ഒന്നിനും കഴിവില്ലാത്ത ഒരടിമ. നമ്മിൽ നിന്നു വിശിഷ്ട വിഭവങ്ങൾ പ്രദാനം ചെയ്തിട്ടുള്ള ഒരു സ്വതന്ത്രനും. തനിക്കു ലഭിച്ച വിഭവത്തിൽനിന്ന് അയാൾ പരോക്ഷമായും പരസ്യമായും ചെലവഴിക്കുന്നു. ഈ രണ്ടുപേർ തുല്യരാണോ? അല്ലാഹുവിന്നു സ്തുതി. പക്ഷേ, അവരിൽ അധികമാളുകളും ലളിതമായ ഈ സത്യം മനസ്സിലാക്കുന്നില്ല.

**76.** രണ്ടു മനുഷ്യരുടെ ഒരുദാഹരണവും കൂടി അല്ലാഹു അവതരിപ്പിക്കുന്നു. ഒരാൾ ഒരു കാര്യവും ചെയ്യാനാവാത്ത ഊമയായ അടിമ. യജമാനന് ഭാരമായിട്ടുള്ളവൻ. അവനെ എങ്ങോട്ടു തിരിച്ചാലും ഒരു ഗുണവും ഉണ്ടാവില്ല. പറയൂ! ഇത്തരമൊരുവൻ, നീതി കൽപിക്കുകയും സ്വയം സന്മാർഗത്തിൽ നിലകൊള്ളുകയും ചെയ്യുന്ന ഒരു സ്വതന്ത്രന് തുല്യനാകുമോ?

**77.** വാനഭുവനങ്ങളിലൊളിഞ്ഞിരിക്കുന്ന പൊരുളുകളറിയുന്നത് അല്ലാഹുവിന്നു മാത്രമാകുന്നു. ലോകാവസാനം അവന്ന് ഒന്ന് ഇമ വെട്ടുംപോലെ അല്ലെങ്കിൽ അതിനെക്കാൾ അനായാസമാകുന്നു. തീർച്ചയായും എന്തും ചെയ്യാൻ കഴിവും അധികാരമുള്ളവനാണ് അല്ലാഹു.

**78.** മാതാക്കളുടെ ഉദരങ്ങളിൽനിന്ന്, യാതൊന്നും അറിഞ്ഞു കൂടാത്തവരായി അല്ലാഹു നിങ്ങളെ പുറത്തുകൊണ്ടുവന്നു, നിങ്ങൾക്കു ചെവികൾ തന്നു, കണ്ണുകൾ തന്നു, ചിന്താശേഷിയുള്ള മനസ്സുകൾ തന്നു, നിങ്ങൾ അവനോടു നന്ദിയുള്ളവരാകാൻ.

**79.** വിണ്ണിന്റെ വിഹായസ്സിൽ വിധേയമാക്കപ്പെട്ട പറവകളെ ഈ ജനം കണ്ടില്ലെയോ? അവയെ അന്തരീക്ഷത്തിൽ പിടിച്ചു നിർത്തുന്നത് അല്ലാഹുവല്ലാതാരുമല്ല. സത്യം അംഗീകരിക്കാൻ മനസ്സുള്ളവർക്ക് അതിൽ പല ദൃഷ്ടാന്തങ്ങളുണ്ട്.

ضَرَبَ ٱللَّهُ مَثَلًا= അല്ലാഹു ഉദാഹരിച്ചു(ഒരുദാഹരണം അവതരിപ്പിക്കുന്നു) عَبْدًا= ഒരു അടിമയെ مَّمْلُوكًا= (മറ്റൊരാൾക്ക്)ഉടമപ്പെട്ട

لَّا يَقْدِرُ= കഴിയുന്നില്ല(കഴിവില്ലാത്ത) عَلَىٰ شَىْءٍ= ഒരു വസ്തുവിന്മേലും(ഒന്നിനും) وَمَن= യാതൊരുവനും(ഒരു സ്വതന്ത്രനും)

رَّزَقْنَٰهُ= നാം അവനു നൽകി(പ്രദാനം ചെയ്തിട്ടുള്ള) مِنَّا= നമ്മിൽനിന്ന് رِزْقًا حَسَنًا= വിശിഷ്ടമായ വിഭവം

فَهُوَ يُنفِقُ= അങ്ങനെ അവൻ ചെലവഴിക്കുന്നു مِنْهُ= അതിൽനിന്ന് سِرًّا= പരോക്ഷമായി وَجَهْرًا= പരസ്യമായും

هَلْ يَسْتَوُۥنَ= അവർ(ഈ രണ്ടുപേർ) തുല്യരാകുമോ? ٱلْحَمْدُ لِلَّهِ= അല്ലാഹുവിനു സ്തുതി

بَلْ أَكْثَرُهُمْ= പക്ഷേ, അവരിൽ അധികം(ആളുകളും) لَا يَعْلَمُونَ= അറിയുന്നില്ല

وَضَرَبَ ٱللَّهُ مَثَلًا رَّجُلَيْنِ= രണ്ടു മനുഷ്യരെയും അല്ലാഹു ഉദാഹരിച്ചു(രണ്ടു മനുഷ്യരുടെ ഉദാഹരണവും കൂടി അവതരിപ്പിക്കുന്നു)

أَحَدُهُمَآ= അവരിൽ ഒരാൾ أَبْكَمُ= ഊമയാകുന്നു لَا يَقْدِرُ عَلَىٰ شَىْءٍ= അവന്നു കഴിയുന്നില്ല(ഒരു കാര്യവും ചെയ്യാനാവാത്ത)

وَهُوَ= അവൻ كَلٌّ= ഭാരമാകുന്നു عَلَىٰ مَوْلَىٰهُ= അവന്റെ രക്ഷിതാവിന്ന്, യജമാനന് أَيْنَمَا يُوَجِّهههُّ= അവനെ എങ്ങോട്ടു തിരിച്ചാലും

لَا يَأْتِ بِخَيْرٍ= അവൻ നന്മകൊണ്ടുവരികയില്ല(ഒരു ഗുണവും ഉണ്ടാവില്ല) هَلْ يَسْتَوِى هُوَ= അവനു(ഇത്തരമൊരുവനു)തുല്യനാകുമോ

وَمَن= യാതൊരുവന് يَأْمُرُ بِٱلْعَدْلِ= അവൻ നീതികൽപിക്കുന്നു(ക്കുകയും)

وَهُوَ= അവൻ ആയിരിക്കെ(സ്വയം നിലകൊള്ളുകയും ചെയ്യുന്ന) عَلَىٰ صِرَٰطٍ مُّسْتَقِيمٍ= നേരായ പാതയിൽ(സന്മാർഗത്തിൽ)

وَلِلَّهِ= അല്ലാഹുവിന്നു മാത്രമാകുന്നു (അറിവ്)

غَيْبُ ٱلسَّمَٰوَٰتِ وَٱلْأَرْضِ= വാനഭുവനങ്ങളിലെ അദൃശ്യം(ങ്ങളിൽ ഒളിഞ്ഞിരിക്കുന്ന പൊരുളുകൾ)

وَمَآ أَمْرُ ٱلسَّاعَةِ= ആ നിമിഷത്തിന്റെ കാര്യം, കൽപന അല്ല(ലോകാവസാനം അവന്ന്)

إِلَّا كَلَمْحِ ٱلْبَصَرِ= ഒന്നു കണ്ണിമവെട്ടുന്നതുപോലെ അല്ലാതെ(മാത്രം) أَوْ هُوَ= അല്ലെങ്കിൽ അത്

أَقْرَبُ= കൂടുതൽ അടുത്തത്(അതിനെക്കാൾ അനായാസം മാത്രമാകുന്നു) إِنَّ ٱللَّهَ= തീർച്ചയായും അല്ലാഹു

عَلَىٰ كُلِّ شَىْءٍ= എല്ലാ സംഗതിയുടെ മേലും(എന്തും ചെയ്യാൻ) قَدِيرٌ= കഴിവും അധികാരവുമുള്ളവനാണ്

وَٱللَّهُ أَخْرَجَكُم= അല്ലാഹു നിങ്ങളെ പുറത്തുകൊണ്ടുവന്നു مِّنۢ بُطُونِ= ഉദരങ്ങളിൽനിന്ന് أُمَّهَٰتِكُمْ= നിങ്ങളുടെ മാതാക്കളുടെ

لَا تَعْلَمُونَ= നിങ്ങൾ അറിയുന്നില്ല(അറിഞ്ഞു കൂടാത്തവരായി) شَيْـًٔا= യാതൊന്നും وَجَعَلَ= അവൻ ആക്കി(തന്നു) لَكُمُ= നിങ്ങൾക്ക്

ٱلسَّمْعَ= കേൾവി(ചെവി) وَٱلْأَبْصَٰرَ= കാഴ്ചകളും, കണ്ണുകൾ وَٱلْأَفْـِٔدَةَ= ചിന്താശേഷിയുള്ള മനസ്സുകളും

لَعَلَّكُمْ تَشْكُرُونَ= നിങ്ങൾ(അവനോടു) നന്ദിയുള്ളവരാകാൻ أَلَمْ يَرَوْا۟= (ഈ ജനം)അവർ നോക്കിയി(കണ്ടി)ല്ലെയോ

إِلَى ٱلطَّيْرِ= പറവക(ളെ)ളിലേക്ക് مُسَخَّرَٰتٍ= വിധേയമാക്കപ്പെട്ട, കീഴ്പ്പെടുത്തപ്പെട്ട

فِى جَوِّ ٱلسَّمَآءِ= വിണ്ണിന്റെ അന്തരീക്ഷത്തി(വിഹായസ്സി)ൽ مَا يُمْسِكُهُنَّ= അവരെ പിടിച്ചുനിർത്തുന്നില്ല(നിർത്തുന്നത്)

إِلَّا ٱللَّهُ= അല്ലാഹുവല്ലാതെ(ആരും) إِنَّ فِى ذَٰلِكَ= തീർച്ചയായും അതിൽ ഉണ്ട് لَءَايَٰتٍ= (പല)ദൃഷ്ടാന്തങ്ങൾ തന്നെ

لِّقَوْمٍ يُؤْمِنُونَ= വിശ്വസിക്കുന്ന ജനത്തിന്ന്(സത്യം അംഗീകരിക്കാൻ മനസ്സുള്ളവർക്ക്)

**75,76.** ഉദാഹരണങ്ങളിലൂടെ തന്നെ കാര്യങ്ങൾ ഗ്രഹിക്കണമെന്നുണ്ടെങ്കിൽ അല്ലാഹു ഇതാ രണ്ട് ഉദാഹരണങ്ങൾ പറയുന്നു. രണ്ടിലുമായി നാലു ഉപമകളുണ്ട്. അവയുടെ ഉപമേയങ്ങൾ വ്യക്തമായി പറഞ്ഞിട്ടില്ലെങ്കിലും തൊട്ടു മുൻപുള്ള സൂക്തങ്ങളോട് സമന്വയിപ്പിച്ച് വായിക്കുമ്പോൾ അത് ബഹുദൈവാരാധനയും ഏകദൈവാരാധനയുമാണെന്നു വ്യക്തമാകും. മുൻസൂക്തങ്ങളിൽനിന്ന് വേർപെടുത്തി സ്വതന്ത്രമായി പരിഗണിക്കുമ്പോൾ ഉപമേയങ്ങൾ വിശ്വാസിയും അവിശ്വാസിയുമാകാം. സൂക്തങ്ങളുടെ ശൈലി രണ്ടു വ്യാഖ്യാനങ്ങളെയും സാധൂകരിക്കുമെങ്കിലും ആദ്യം പറഞ്ഞതിനെയാണ് ഇമാം റാസി അടക്കമുള്ള മിക്ക പണ്ഡിതന്മാരും പിന്തുണച്ചിട്ടുള്ളത്. അതനുസരിച്ച് ഒന്നാമത്തെ ഉദാഹരണം ഇപ്രകാരമാണ്. ബഹുദൈവ വിശ്വാസികൾ അല്ലാഹുവിനെ വെടിഞ്ഞ് ആരാധിക്കുന്ന മൂർത്തി ഒരു യജമാനന്റെ ഉടമസ്ഥതയിലുള്ള അടിമയെപ്പോലെയാണ്. യജമാനൻ പറയുന്നതനുസരിക്കുകയല്ലാതെ സ്വന്തമായി യാതൊന്നും തീരുമാനിക്കാനോ പ്രവർത്തിക്കാനോ ആ അടിമക്ക് സ്വാതന്ത്ര്യവും അധികാരവും കഴിവുമില്ല. മറുവശത്ത് വിശിഷ്ടമായ വിഭവങ്ങൾക്കും യോഗ്യതകൾക്കും ഉടമയായ ഒരു സ്വതന്ത്രൻ. അയാളുടെ കഴിവുകൾ നേരിട്ടും അല്ലാതെയും മറ്റുള്ളവർക്ക് പ്രയോജനപ്പെട്ടുകൊണ്ടിരിക്കുന്നു. ഇതുപോലെയാണ് വിശ്വാസികൾ അവലംബിക്കുന്ന അല്ലാഹുവിന്റെ അവസ്ഥ. സ്വതന്ത്രമായി ഒന്നും ചെയ്യാനുള്ള കഴിവോ അധികാരമോ ഇല്ലാതെ, യജമാനന്റെ ഉടമസ്ഥതയിൽ വർത്തിക്കുന്ന അടിമയും, വിശിഷ്ട വിഭവങ്ങൾക്കും സൽഗുണങ്ങൾക്കും ഉടമയാവുകയും തന്റെ നന്മകൾ മറ്റുള്ളവരുടെ ഗുണത്തിനുവേണ്ടി വിനിയോഗിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്ന സ്വതന്ത്രനായ വ്യക്തിയും ഒരുപോലെയായിരിക്കുമോ? അല്ലെന്ന് ഈ വിഗ്രഹാരാധകരും സമ്മതിക്കുമല്ലോ? അല്ലാഹുവിന്ന് സ്തുതി!

പക്ഷേ, ആരാധനയുടെ കാര്യത്തില്‍ ലളിതമായ ഈ സത്യം പോലും അധികമാളുകളും മനസ്സിലാക്കുന്നില്ല. അവര്‍ യാതൊരു സങ്കോചവുമില്ലാതെ, സര്‍വശക്തനും പരമാധികാരിയുമായ അല്ലാഹുവിനെ യാതൊരധികാരവുമില്ലാത്തവരും അല്ലാഹുവിന്റെ ആജ്ഞാനുവര്‍ത്തികളും അടിമകളുമായ സൃഷ്ടികളോടു സമീകരിക്കുന്നു.

മുകളില്‍ പറഞ്ഞ അടിമയും സ്വതന്ത്രനും തുല്യരാകുമോ എന്ന ചോദ്യത്തിന് വിഗ്രഹാരാധകര്‍ 'ഇല്ല' എന്ന് ഉത്തരം പറയുകയോ മൗനം പാലിക്കുകയോ ചെയ്യുന്നതില്‍ തൃപ്തി രേഖപ്പെടുത്തുകയാണ് اَلْحَمْدُ لِلّٰهِ എന്ന വചനം. ഒരു കഴിവുമില്ലാത്ത വിഗ്രഹങ്ങളല്ല സര്‍വശക്തനും സര്‍വാധികാരിയുമായ അല്ലാഹു മാത്രമാണ് സര്‍വസ്തുതിയും നന്ദിയും ആരാധനയും അര്‍ഹിക്കുന്നവന്‍ എന്ന പ്രസ്താവനയായും ചില പണ്ഡിതന്മാര്‍ അതിനെ വ്യാഖ്യാനിച്ചിരിക്കുന്നു.

രണ്ടാമത്തെ ഉദാഹരണത്തില്‍ അല്ലാഹുവല്ലാത്ത ആരാധ്യനെ ഉപമിക്കുന്നത് ഊമയും ബധിരനുമായ അടിമയോടാണ്. بكم മൂകതയാണ്. അതിന്റെ വിശേഷണ രൂപമാണ് أَبْكَمُ. ജന്മനാ ഊമയായവരെയാണ് أَبْكَمُ എന്നു പറയുക. ഊമ ഏറിയ കൂറും ബധിരനുമായിരിക്കും. ഊമയും ബധിരനും ഒരു കാര്യത്തിനും കഴിവില്ലാത്തവനുമായ അടിമ അവന്റെ യജമാനന് ഭാരം മാത്രമാകുന്നു. അവനെ എന്തിലേര്‍പ്പെടുത്തിയാലും ഒരു കാര്യവുമുണ്ടാവില്ല. മറ്റൊരാള്‍ സ്വതന്ത്രനാണ്. നീതിമാനും വിവേകശാലിയും സന്മാര്‍ഗനിഷ്ഠനുമാണ്. സ്വയം നീതി പാലിക്കുകയും സന്മാര്‍ഗമാചരിക്കുകയും ചെയ്യുന്നതോടൊപ്പം സമൂഹത്തില്‍ നീതി നടപ്പാക്കാനും സന്മാര്‍ഗം പ്രചരിപ്പിക്കാനും ശ്രമിക്കുകയും ചെയ്യുന്നു. ഇപ്പറഞ്ഞ രണ്ടു വ്യക്തികളെ തുല്യരായി ഗണിക്കുന്നതുപോലെയാണ് അല്ലാഹുവിന്റെ കൂടെ അവനല്ലാത്തവരെ കൂടി ദൈവങ്ങളാക്കി ആരാധിക്കുന്നത്.

മൂലത്തിലെ كَلٌّ ന്റെ ഭാഷാര്‍ഥം ഭാരമാണ്. മറ്റുള്ളവരെ ആശ്രയിച്ചു കഴിയുന്നവനെന്ന് പ്രയോഗാര്‍ഥം. കുടുംബനാഥനെ ആശ്രയിച്ചു കഴിയുന്ന മറ്റംഗങ്ങളെ(عيال)യും كَلٌّ എന്നു പറയും. യജമാനന്‍, രക്ഷകന്‍, കൈകാര്യകര്‍ത്താവ്, നേതാവ് തുടങ്ങിയ അര്‍ഥങ്ങളുള്ള പദമാണ് مولى. നേരത്തെ അടിമയെ പരാമര്‍ശിച്ചിട്ടുള്ളതുകൊണ്ട് ഇവിടെ ഉദ്ദേശ്യം യജമാനനാണ്.

ഉപമകളുടെ ഉപമേയം അവിശ്വാസികളും സത്യവിശ്വാസികളുമാണ് എന്ന് വെക്കുമ്പോള്‍ ആശയം ഇപ്രകാരമാകുന്നു: യാതൊന്നിനും കഴിവോ അധികാരമോ ഇല്ലാതെ, മറ്റൊരാളുടെ ഉടമസ്ഥതക്കു വിധേയനായി ചരിക്കുന്ന അടിമയെപ്പോലെയാണ് ബഹുദൈവാരാധകന്‍. സത്യവിശ്വാസിയാകട്ടെ, അല്ലാഹുവിങ്കല്‍നിന്ന് വിശിഷ്ടമായ വിഭവങ്ങളും യോഗ്യതകളും ലഭിച്ചവനും ആ ഗുണങ്ങള്‍ ജനോപകാരാര്‍ഥം വിനിയോഗിക്കുന്നവനുമാണ്. രണ്ടാമത്തെ ഉദാഹരണത്തില്‍ അവിശ്വാസി, തന്റെ യജമാനന് ഒരു ഭാരം മാത്രമായി വര്‍ത്തിക്കുന്ന, എന്തിലേര്‍പ്പെടുത്തിയാലും ഒരു ഗുണവുമുണ്ടാകാത്ത, മൂകനും ബധിരനും ഒന്നിനും കൊള്ളാത്തവനുമായ അടിമയെപ്പോലെയാണ്. വിശ്വാസിയാകട്ടെ സ്വയം നീതിയിലും ധര്‍മത്തിലും നിലകൊള്ളുന്നതോടൊപ്പം സമൂഹത്തില്‍ നീതിയും ധര്‍മവും നടപ്പിലാക്കാന്‍ പ്രയത്നിക്കുന്ന, വിവേകവും സന്മാര്‍ഗനിഷ്ഠയുമുള്ള വ്യക്തിയും.

രണ്ടു വ്യാഖ്യാനത്തിനും അനുകൂലമായി പ്രവാചക ശിഷ്യന്മാരില്‍ നിന്നും താബിഈ പണ്ഡിതന്മാരില്‍നിന്നും നിവേദനങ്ങള്‍ ഉദ്ധരിക്കപ്പെട്ടിട്ടുണ്ട്. രണ്ടാമത്തെ വ്യാഖ്യാനത്തിനനുകൂലമായി ഉദ്ധരിക്കപ്പെടുന്ന ചില നിവേദനങ്ങളില്‍ ഈ സൂക്തങ്ങളുടെ അവതരണ പശ്ചാത്തലം സൂചിപ്പിക്കുന്നുണ്ട്. ഇബ്നു ജരീര്‍ ഉദ്ധരിക്കുന്ന ഒരു നിവേദനത്തില്‍, ധര്‍മിഷ്ഠനായിരുന്ന ഹിശാം ഇബ്നു ഉമറിനെയും അദ്ദേഹത്തിന്റെ അടിമ അബുല്‍ ജൗസാഇനെയും കുറിച്ചാണ് ആദ്യ സൂക്തം അവതരിച്ചത്. അബുല്‍ ജൗസാഅ്, ഹിശാമിന്റെ ദാനധര്‍മങ്ങള്‍ വിലക്കിയിരുന്നു. ഇബ്നു ജരീറിന്റെ തന്നെ മറ്റൊരു നിവേദനത്തില്‍ രണ്ടാമത്തെ സൂക്തം അവതരിച്ചത് ഉസ്മാന്‍ ബിന്‍ അഫ്ഫാനെയും അദ്ദേഹത്തിന്റെ അടിമ ഉസൈദ് ബിന്‍ ആസ്വിനെയും കുറിച്ചാണ്. ഇസ്‌ലാമിനെ നിഷേധിക്കുകയും വെറുക്കുകയും ചെയ്ത ഉസൈദ് സല്‍കര്‍മങ്ങളില്‍ നിന്നും ദാനധര്‍മങ്ങളില്‍നിന്നും ഉസ്മാനെ വിലക്കിയിരുന്നു.

**77.** പ്രഭാഷണത്തിനിടയില്‍ പ്രതിയോഗികള്‍ക്ക് നല്‍കുന്ന ഒരുല്‍ബോധനമാണിത്. അല്ലാഹുവിനോട് നന്ദികേടും ധിക്കാരവും അനുവര്‍ത്തിക്കുന്നതിന് ദോഷഫലങ്ങളൊന്നും നേരിടേണ്ടി വരില്ലെന്നും ലോകാവസാനവും ഉയിര്‍ത്തെഴുന്നേല്‍പുമൊന്നും സംഭവ്യമല്ലെന്നും അഥവാ സംഭവ്യമാണെങ്കില്‍ തന്നെ അതി വിദൂരമാണെന്നും നിങ്ങള്‍ കരുതുന്നു. പക്ഷേ, അല്ലാഹുവിന്ന് അതൊട്ടും അസാധ്യമോ വിദൂരമോ അല്ല. അവന്‍ വിചാരിച്ചാല്‍ അതു നടക്കാന്‍ ഒന്ന് ഇമ വെട്ടുന്ന സമയമേ വേണ്ടൂ. വാനലോകത്തിന്റെയും ഭൂലോകത്തിന്റെയും പൊരുളുകളറിയുന്നത് അല്ലാഹു മാത്രമാകുന്നു. താനുദ്ദേശിക്കുന്നതെന്തും ഏതു സമയത്തും ഏതു രീതിയിലും ചെയ്യാനുള്ള സര്‍വശക്തിയും പരമാധികാരവുമുള്ളവനാണവന്‍.

**78.** ഇനി അല്ലാഹുവിന്റെ ഔദാര്യവും കാരുണ്യവും വിളിച്ചോതുന്ന മറ്റുചില പ്രാപഞ്ചിക പ്രതിഭാസങ്ങളിലേക്ക് ശ്രദ്ധക്ഷണിക്കുകയാണ്. നിങ്ങള്‍ മാതാവിന്റെ ഗര്‍ഭാശയത്തില്‍ രൂപം പൂണ്ട് പൂര്‍ണ മനുഷ്യ ശിശുവായി പ്രസവിക്കപ്പെടുന്നു. ആരാണ് നിങ്ങളെ രൂപപ്പെടുത്തുന്നതും പുറത്തേക്കു കൊണ്ടുവരുന്നതും? സാമാന്യ ബോധമുള്ളവര്‍ക്കറിയാം തങ്ങളടക്കമുള്ള സകല വസ്തുക്കള്‍ക്കും പിന്നില്‍ സര്‍വജ്ഞനും സര്‍വശക്തനുമായ ഒരാദി കാരണമുണ്ടെന്നും അവനാണ് സാക്ഷാല്‍ ദൈവമെന്നും. ആ ദൈവം നിങ്ങളെ ഈ ഭൂമിയിലേക്ക് കൊണ്ടുവരുമ്പോള്‍ നിങ്ങള്‍ ഒന്നും അറിയാത്തവരായിരുന്നു. ഒന്നിനും കഴിയാത്തവരുമായിരുന്നു. കരഞ്ഞു ശബ്ദമുണ്ടാക്കുന്ന മാംസപിണ്ഡം മാത്രമായിരുന്നു നിങ്ങള്‍. പിന്നീട് നിങ്ങള്‍ പലതും പഠിച്ചു. വിദ്യാഭ്യാസം ചെയ്തു. നേരത്തെ നിങ്ങളും മറ്റുള്ളവരും അറിഞ്ഞിട്ടില്ലാത്ത പുതിയ പുതിയ കാര്യങ്ങള്‍ കണ്ടെത്തി. നിങ്ങള്‍ക്കതു സാധിച്ചത്, കേള്‍വി, കാഴ്ച തുടങ്ങി പഞ്ചേന്ദ്രിയങ്ങളിലൂടെയാണ്. ഈ പഞ്ചേന്ദ്രിയങ്ങള്‍ നിങ്ങള്‍ സ്വയം നിര്‍മിച്ച് ഉപയോഗിക്കുന്നതല്ല. അല്ലാഹു നല്‍കിയതാണ്. അതിനാല്‍ പഞ്ചേന്ദ്രിയങ്ങളിലൂടെ നേടുന്ന അറിവ് യഥാര്‍ഥത്തില്‍ അല്ലാഹുവിന്റെ ദാനമാണ്. പഞ്ചേന്ദ്രിയങ്ങള്‍ ദൈവം തിര്യക്കുകള്‍ക്കും നല്‍കിയിട്ടുണ്ട്. അവക്കൊന്നും പഞ്ചേന്ദ്രിയങ്ങള്‍ക്ക് പ്രാപിക്കാവുന്നതിലപ്പുറമുള്ള ജ്ഞാനം ആര്‍ജിക്കാന്‍ കഴിയുന്നില്ല. മനുഷ്യനാവട്ടെ കണ്ടതിനെയും കേട്ടതിനെയും ആധാരമാക്കി, കാണുകയും കേള്‍ക്കുകയും ചെയ്യാത്ത പലകാര്യങ്ങളും അറിയാന്‍ കഴിയുന്നു. ബുദ്ധിയും ചിന്താശേഷിയുമുള്ള മനസ്സിന്റെ -فُؤاد- ഗുണമാണത്. ചിന്തിക്കാനും മനസ്സിലാക്കാനും കഴിവുള്ള മനസ്സ് എന്ന അര്‍ഥത്തിലുള്ള فُؤاد ന്റെ ബഹുവചനമാണ് മൂലത്തിലെ أفئدة. മനുഷ്യന്‍

മനനം ചെയ്ത് ഗ്രഹിക്കുന്ന അറിവുകളും യഥാർഥത്തിൽ ദൈവദത്തമാണ്. ദൈവം സൃഷ്ടിച്ചു തന്ന മനനശേഷിയുള്ള മനസ്സിലൂടെയാണതവന് ലഭിക്കുന്നത്. ഈ അനുഗ്രഹങ്ങളുടെയെല്ലാം താൽപര്യം മനുഷ്യൻ ദൈവിക ശാസനകളനുസരിച്ചുകൊണ്ട് അവനോടു നന്ദിയുള്ളവരായി വാഴണമെന്നാണ്. പക്ഷേ, സ്വന്തം കഴിവുകളുടെ ആദി സ്രോതസ്സിനെക്കുറിച്ചോർക്കാതെ വിജ്ഞാനങ്ങളും വിഭവങ്ങളുമെല്ലാം തന്റെ സാമർഥ്യം കൊണ്ട് നേടിയതാണെന്ന ഭാവത്തിലാണ് മിക്ക മനുഷ്യരും. ഇക്കാര്യം ഖുർആൻ ഇങ്ങനെയും പ്രസ്താവിച്ചിട്ടുണ്ട്.

قُلْ هُوَ ٱلَّذِىٓ أَنشَأَكُمْ وَجَعَلَ لَكُمُ ٱلسَّمْعَ وَٱلْأَبْصَٰرَ وَٱلْأَفْـِٔدَةَ ۖ قَلِيلًا مَّا تَشْكُرُونَ ﴿٢٣﴾

(അവരോടു പറയുക: അവൻ നിങ്ങൾക്കു കേൾവിയും കാഴ്ചയും ചിന്താശേഷിയുള്ള മനസ്സുകളും നൽകി പക്ഷെ നിങ്ങൾ എത്ര തുഛമായേ നന്ദികാണിക്കുന്നുള്ളൂ – 67:23).

**79.** ഇനി വിണ്ണിന്റെ വിഹായസ്സിൽ പറന്നു നടക്കുന്ന പക്ഷികളെ കുറിച്ചാലോചിച്ചു നോക്കുക. മുകളിൽ പിടുത്തമോ അടിയിൽ താങ്ങോ ഇല്ലാതെ അന്തരീക്ഷത്തിൽ നിൽക്കാൻ ശ്രമിച്ചാൽ നിങ്ങൾ അതിശക്തിയായി തറയിൽ പതിക്കുന്നു. നിങ്ങൾ മാത്രമല്ല ഒരു പക്ഷി കൊത്തിത്തിന്നുന്ന നെന്മണികളിലൊന്നു അതിന്റെ കൊക്കിൽനിന്ന് തെറിച്ചു പോയാൽ അതും നിലം പതിക്കും. എന്നാൽ അനേകം നെന്മണികൾ വയറ്റിലും കൊക്കിലും നിറച്ച് പക്ഷികൾ അതുമായി അന്തരീക്ഷത്തിൽ നിർബാധം പറന്നു നടക്കുന്നു. അപ്പോൾ ഭൂമിയുടെ ഗുരുത്വാകർഷണ ശക്തിയെ അതിജയിക്കാനുള്ള അന്തരീക്ഷത്തിന്റെ സവിശേഷ ഘടനയാൽ കീഴ്പ്പെടുത്തപ്പെട്ടിരിക്കുകയാണവ. നിങ്ങൾക്കതിന്റെ ഭൗതികമായ നിയമങ്ങൾ മനസ്സിലാക്കാൻ കഴിഞ്ഞേക്കും. പക്ഷേ, ആ നിയമങ്ങൾ നിശ്ചയിക്കുന്നത് നിങ്ങളല്ല; അല്ലാഹു മാത്രമാണ്. അതുകൊണ്ട് പറവകളെ അന്തരീക്ഷത്തിൽ പിടിച്ചു നിർത്തുന്നത് അല്ലാഹുവാണ്. യാഥാർഥ്യങ്ങൾ അംഗീകരിക്കാൻ സന്നദ്ധതയുള്ളവർക്ക് ഈ പ്രതിഭാസത്തിലും ധാരാളം ദൈവിക ദൃഷ്ടാന്തങ്ങൾ കാണാൻ കഴിയും. ഓരോ സൃഷ്ടിക്കും അതിന്റെ വാഴ്വിന്നാവശ്യമായതൊക്കെയും ലഭിക്കുന്നത് അല്ലാഹുവിൽ നിന്നു മാത്രമാണ്: 67:19ൽ ഇക്കാര്യം ഇപ്രകാരം ആവർത്തിക്കുന്നുണ്ട്:

أَوَلَمْ يَرَوْا۟ إِلَى ٱلطَّيْرِ فَوْقَهُمْ صَٰٓفَّٰتٍ وَيَقْبِضْنَ ۚ مَا يُمْسِكُهُنَّ إِلَّا ٱلرَّحْمَٰنُ ۚ إِنَّهُۥ بِكُلِّ شَىْءٍۭ بَصِيرٌ ﴿١٩﴾

(ചിറകു വിടർത്തിയും ചുരുക്കിയും പറക്കുന്ന പക്ഷികളെ അവർ കാണുന്നില്ലെയോ? കരുണാമയനായ ദൈവമല്ലാതാരും അവയെ അന്തരീക്ഷത്തിൽ പിടിച്ചു നിർത്തുന്നില്ല. അവൻ എല്ലാ കാര്യത്തിലും ഉൾക്കാഴ്ചയുള്ളവനല്ലോ). പ്രപഞ്ച വിധാതാവായ ദൈവം പങ്കുകാരില്ലാത്ത ഏകനാണെന്നതിന്റെ ദൃഷ്ടാന്തമാണിത്. വൈരുധ്യങ്ങൾക്കിടയിൽ രഞ്ജിപ്പുളവാക്കി പക്ഷികളെ അന്തരീക്ഷത്തിൽ പിടിച്ചു നിർത്തുന്നതവനാണ് എന്നത് താഴെക്കു പതിക്കാതെ അന്തരീക്ഷത്തിൽ തങ്ങി നിൽക്കുകയോ സഞ്ചരിക്കുകയോ ചെയ്യുന്ന എല്ലാറ്റിനെയും അപ്രകാരം ചെയ്യിക്കുന്നത് അവനാകുന്നു എന്നു കുറിക്കുന്നു. നക്ഷത്രങ്ങളാവട്ടെ ഗ്രഹങ്ങളാവട്ടെ, പക്ഷികളാവട്ടെ, വിമാനങ്ങളാവട്ടെ ഒന്നിനെയും അല്ലാഹുവല്ലാതാരും അന്തരീക്ഷത്തിൽ പിടിച്ചു നിർത്തുന്നില്ല. മനുഷ്യനുണ്ടാക്കുന്ന വിമാനങ്ങളായാലും കൃത്രിമ ഉപഗ്രഹങ്ങളായാലും അവയും പ്രവർത്തിക്കുന്നത് അന്തരീക്ഷത്തിലും മറ്റു പദാർഥങ്ങളിലും അല്ലാഹു സൃഷ്ടിച്ചുവച്ച നിയമങ്ങളനുസരിച്ചു മാത്രമാകുന്നു. ആ നിയമങ്ങൾക്കതീതമായി പ്രവർത്തിക്കാൻ യാതൊന്നിനുമാവില്ല. അല്ലാഹു ഉദ്ദേശിക്കുന്ന ഏതവസരത്തിലും അവന് ഈ പിടുത്തം വിടാം. 67:15–17ൽ പ്രസ്താവിക്കുന്നു:

هُوَ ٱلَّذِى جَعَلَ لَكُمُ ٱلْأَرْضَ ذَلُولًا فَٱمْشُوا۟ فِى مَنَاكِبِهَا وَكُلُوا۟ مِن رِّزْقِهِۦ ۖ وَإِلَيْهِ ٱلنُّشُورُ ﴿١٥﴾ ءَأَمِنتُم مَّن فِى ٱلسَّمَآءِ أَن يَخْسِفَ بِكُمُ ٱلْأَرْضَ فَإِذَا هِىَ تَمُورُ ﴿١٦﴾ أَمْ أَمِنتُم مَّن فِى ٱلسَّمَآءِ أَن يُرْسِلَ عَلَيْكُمْ حَاصِبًا ۖ فَسَتَعْلَمُونَ كَيْفَ نَذِيرِ ﴿١٧﴾

(ഭൂമിയെ നിങ്ങൾക്കു മെരുക്കിത്തന്നതവനാണ്. അതിന്റെ മാറിലൂടെ നടന്നുകൊള്ളുവിൻ. ദൈവം തന്ന വിഭവം ആഹരിച്ചുകൊള്ളുവിൻ. നിങ്ങൾ അവന്റെ സന്നിധിയിലേക്കു തന്നെ പുനരുജ്ജീവിച്ച് ചെല്ലേണ്ടതാകുന്നു. വാനലോകത്തുള്ളവൻ നിങ്ങളെ മണ്ണിൽ ആഴ്ത്തിക്കളയുന്നതിനെയും അപ്പോൾ ഭൂമി കിടുകിടുക്കുന്നതിനെയും കുറിച്ച് നിങ്ങൾ നിർഭയരാണോ? അല്ലെങ്കിൽ വാനലോകത്തുള്ളവൻ നിങ്ങൾക്കുമേൽ ശിലകൾ വർഷിക്കുന്ന കാറ്റയക്കുന്നതിനെ കുറിച്ചു നിർഭയരാണോ? എന്റെ താക്കീത് എങ്ങനെയുണ്ടെന്ന് പിറകെ നിങ്ങൾ അറിയുന്നുണ്ട്). ■